HON'BLE MR. K. R. ELANKATH : അല്ല.

MR. K. K. CHELLAPPAN PILLAI (*Mavelikara II—General*): ഫ്ലവർ വാങ്ങിയിട്ട് ഇതുവരെ നന്നാകിയിട്ടില്ലെന്നാണോ പറയുന്നത്?

HON'BLE MR. K. R ELANKATH : ഈ പറഞ്ഞ ഒരു കേസിലും നന്നാക്കിയിട്ടില്ല.

MR. KANNARA GOPALA PANICKER : സർ, ഒരു പ്രായിൻറ് ആഫ് ആർഡർ. ചോദ്യം അയയ്ക്കുമ്പോൾ ഇന്ന ദിവസം ഉത്തരം പറയണമെന്നുകൂടി കാണിച്ചിരിക്കണമെന്ന വ്യവസ്ഥയുണ്ട്. അതിനു വിപരീതമായി ഇന്നേ ദിവസത്തേയ്ക്കു വച്ചിട്ടില്ലാത്ത ചോദ്യങ്ങൾക്ക് ഉത്തരം പറയുന്നതു ശരിയാണോ എന്നറിഞ്ഞാൽകൊള്ളാം.

HON'BLE MR. K. R. ELANKATH : ഇന്നത്തേക്ക് ചോദ്യങ്ങൾ വച്ചിട്ടില്ലെങ്കിലും കൂടുതൽ ഉത്തരങ്ങൾ തയാറാക്കി ഇവിടെ പറയാമെന്നു വച്ചതു ഒരു കുറ്റമാണെന്നു തോന്നുന്നില്ല.

വടക്കൻ തിരുവിതാംകൂറിലെ ട്രാൻസ്പോർട്ട് ലൈസൻസുകൾ.

518. MR. S. KUTTAN: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ട്രാൻസ്പോർട്ടുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

പുതിയ മന്ത്രിസഭ ഭരണം ഏറ്റതിനുശേഷം വടക്കൻ തിരുവിതാംകൂറിൽ എത്രയെല്ലാം ലൈസൻസുകൾ ട്രാൻസ്പോർട്ടിൽനിന്നും ഏറ്റെടുത്തിട്ടുണ്ട്?

HON'BLE MR. K. R. ELANKATH : പുതുതായി ലൈസൻസുകൾ ഒന്നും ഗവൺമെൻറ് ഏറ്റെടുത്തിട്ടില്ല.

MR. D. GNANASIGAMONI: What was the reason for that please?

HON'BLE MR. K. R. ELANKATH : അതിനു പ്രത്യേകിച്ചു കാരണമൊന്നുമില്ല.

MR. P. K. KRISHNAN SASTRI : വടക്കൻ തിരുവിതാംകൂറിലെ ലൈസൻസുകൾ ഗവൺമെൻറ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

HON'BLE MR. K. R. ELANKATH : ഗവൺമെൻറ് കുത്തകയാക്കാൻ തൽക്കാലം ഉദ്ദേശിക്കുന്നതു് ആലപ്പുഴ—അരൂർ ലൈൻ മാത്രമാണ്. മറ്റുള്ള ലൈസൻസുകൾ ഒന്നും തൽക്കാലം ഏറ്റെടുക്കാൻ ആലോചനയില്ല.

വൈക്കം സബ്ഡിവിഷൻ ആഫീസ്.

519. MR. V. MADHAVAN : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) ഈ ആണ്ടിൽ പി. ഡബ്ള്യു. വകുപ്പിൽ പുതുതായി വൈക്കത്തു ഒരു സബ്ഡിവിഷൻ സ്ഥാപിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

(ബി) അവിടെ സബ്ഡിവിഷൻ ആഫീസ് സ്ഥാപിച്ച തിയതി എന്നാണ്?

(സി) അതിനുശേഷം അവിടെ എത്ര സബ്ഡിവിഷൻ ആഫീസർമാരെ സ്ഥലംമാറി നിയമിച്ചിട്ടുണ്ട്?

HON'BLE MR. K. R. ELANKATH : (എ) ഉണ്ട്.

(ബി) ഫെബ്രുവരി

(സി) നാലുപേർ.

MR. V. MADHAVAN: ഈ പുതുക്കിയ കാലത്തിനകം നാല് സബ്ഡിവിഷനാഫീസർന്മാരെ മാറി മാറി നിയമിക്കാൻ വല്ല കാരണവുമുണ്ടോ?

HON'BLE MR K. R. ELANKATH: റിട്രെഞ്ച്മെൻറും മറ്റുംകൊണ്ട് സർവ്വീസിന് അത്യന്താപേക്ഷിതമായ ചില മാറ്റങ്ങളുടെ ആവശ്യം ഉണ്ടായതുകൊണ്ടാണ് ഈ സ്ഥലം മാറ്റങ്ങൾ നടത്തിയിട്ടുള്ളത്.

MR. E. P. PAULOSE (*Muvattupuzha III—General*): മുമ്പ് ഏതെല്ലാം സബ്ഡിവിഷനുകളുടെ കീഴിലിരുന്ന സ്ഥലങ്ങൾ ഉൾപ്പെടുത്തിയാണ് ഈ പുതിയ സബ്ഡിവിഷൻ ഉണ്ടാക്കിയിരിക്കുന്നതെന്ന പറയാമോ?

HON'BLE MR. K. R. ELANKATH : പ്രത്യേകിച്ച് ഏതെങ്കിലും സബ്ഡിവിഷനിൽപ്പെട്ട സ്ഥലങ്ങളെ ഉൾപ്പെടുത്തിയിട്ടില്ല. സൗകര്യം എന്നു തോന്നിയ ചില സ്ഥലങ്ങൾ ഉൾപ്പെടുത്തിയാണ് ഈ പുതിയ സബ്ഡിവിഷൻ ഉണ്ടാക്കിയത്.

MR. E. P. PAULOSE: ഇങ്ങനെ ഒരു പുതിയ സബ്ഡിവിഷൻ ഉണ്ടാക്കിയതുകൊണ്ട് ആളുകൾക്ക് അസൗകര്യങ്ങൾ ഉണ്ടാകുന്നുണ്ടെന്നറിയാമോ?

HON'BLE MR. K. R. ELANKATH : അങ്ങിനെ അറിവില്ല.

Fertilisers and Chemicals, Travancore, Ltd.

520. MR. PAUL THALIAT (*Parur III—General*): Will the Hon'ble Minister for Industries be pleased to state:

(*a*) whether the Government Director who attended the last general meeting of the Fertilisers and Chemicals, Travancore, Ltd., has submitted any report on the proceedings;

(*b*) if so the number of shareholders who were present, distinguishing between employees and non-employees among them; and

(*c*) will the Government be pleased to place this report on the table?

HON'BLE MR. T. K. NARAYANA PILLAI : (എ) ഇല്ല.

(ബി) (സി) എ യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യങ്ങൾ ഉത്ഭവിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly